LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിനായി 2013-14-ൽ ആരംഭിച്ച പദ്ധതിയാണിത്. പട്ടികവർഗ്ഗത്തിൽപ്പെട്ടവരും മാതാപിതാക്കൾ മരിച്ചതോ, ഉപേക്ഷിച്ചതോ ആയ കുട്ടികൾ/മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾ മനോരോഗിയോ, തളർവാതം, കാൻസർ, റ്റി.ബി. തുടങ്ങിയ മാരക രോഗിയോ ആണെങ്കിൽ അവരുടെ കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും. ടി കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നവർക്കാണ് ധനസഹായം അനുവദിക്കുന്നത്.

(സി) മാതാപിതാക്കളുടെ ആശ്രയമില്ലാത്ത കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുന്നവർക്കുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനും അത്തരം അഗതികളായ കുട്ടികളെ സംരക്ഷിക്കുന്ന പ്രവൃത്തി പ്രോത്സാഹിപ്പിക്കുകയുമാണ് "കൈത്താങ്ങ്" എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതുവഴി അനാഥരായ കുട്ടികൾക്ക് ഒരാശ്രയം ലഭ്യമാകുന്നു. അനാഥരായ പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണമേറ്റെടുക്കുന്ന രക്ഷിതാക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം അനുവദിക്കുന്നു. ടി തുക വ്യവസ്ഥകൾ ഇല്ലാതെ രക്ഷിതാവിന് ടിയാന്റെ സംരക്ഷണയിലുള്ള കുട്ടിയുടെ വിദ്യാഭ്യാസം, ആഹാരം, ചികിത്സ തുടങ്ങിയ ചെലവുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

കുട്ടികൾ വളർന്ന് സ്വയംതൊഴിൽ കണ്ടെത്തുന്നതുവരെയോ 18 വയസ്സ് പൂർത്തിയാകുന്നതുവരെയോ ധനസഹായം ടി പദ്ധതിപ്രകാരം നല്കുന്നു.

ഒറ്റപ്പെട്ട കിടക്കുന്ന ആദിവാസി കേന്ദ്രങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം

300 (648) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലകളിൽ ഒറ്റപ്പെട്ടു കിടക്കുന്ന ആദിവാസി കേന്ദ്രങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ പട്ടികവർഗ്ഗക്ഷേമവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇനിയും സ്കൂളിൽ പോയിട്ടില്ലാത്ത പട്ടികവർഗ്ഗക്കാരായ എത്ര കുട്ടികൾ സംസ്ഥാനത്ത് ഉണ്ട് ;

(സി) പെരുനാട് പഞ്ചായത്തിലെ അട്ടത്തോട്ടിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഈ വർഷം അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ എൽ.പി. സ്കൂൾ ആരംഭിച്ച വിവരം പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്കൂൾ ആരംഭിക്കാനായി എന്തൊക്കെ സഹായസഹകരണങ്ങളാണ് വകുപ്പ് നൽകിയത് എന്ന് വിശദമാക്കാമോ ;

(ഡി) സ്കൂളിന് സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നത് പഞ്ചായത്തിന് വൻ ബാദ്ധ്യതയാകും എന്നുള്ളതിനാൽ സ്കൂൾ പട്ടികവർഗ്ഗ ക്ഷേമവകുപ്പ് ഏറ്റെടുക്കാൻ എന്തെങ്കിലും നടപടിയുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വനമേഖലകളിൽ ഒറ്റപ്പെട്ടു കിടക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിലേക്കായി സങ്കേതങ്ങൾക്കുള്ളിൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക സ്കൂളുകൾ, പെരിപതറ്റിക് സെന്ററുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾവഴി കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. ടി സങ്കേതങ്ങളിലെ കുട്ടികളുടെ സെക്കന്ററി, ഹയർസെക്കന്ററി തലങ്ങളിലെ പഠനം സാധ്യമാക്കുന്നതിലേക്കായി ഗോത്രസാരഥി പദ്ധതിവഴി വാഹന സൗകര്യവും പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ആശ്രമം സ്കൂളുകൾ എന്നിവയിൽ കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കുന്നു. ഉൾവനങ്ങളിലുള്ളതും വന്യമൃഗ ഭീഷണിനേരിടുന്നതും ഒറ്റപ്പെട്ടുകിടക്കുന്നതുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് വാഹന സൗകര്യം ലഭ്യമാക്കുകവഴി പട്ടികവർഗ്ഗ കുട്ടികളുടെ സ്കൂളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് ഒഴിവാക്കുകയാണ് ഗോത്രസാരഥി എന്ന പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

(ബി) പത്തനംതിട്ട ജില്ലയിൽ നടപ്പുവർഷം ഇനിയും സ്കൂളുകളിൽ പോയിട്ടില്ലാത്ത മലപ്പണ്ടാര വിഭാഗത്തിൽപ്പെട്ട (നൊമാഡിക്) 4 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ടി വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. അട്ടത്തോട് ഗവണ്മെന്റ് ട്രൈബൽ എൽ. പി. സ്കൂൾ പ്രവർത്തനം ആരംഭിക്കുന്ന വിവരം എസ്.റ്റി പ്രൊമോട്ടർവഴി വ്യാപകമായ പ്രചാരണം നടത്തുകയും, പരിസര പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാരായ എല്ലാ കുട്ടികളെയും ടി സ്കൂളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വനമേഖലകളിൽ ഒറ്റപ്പെട്ട് കിടക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിലെയും വിദൂര പട്ടികവർഗ്ഗ കോളനികളിലെയും കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കൂളുകളിൽ പോയി പഠിക്കുന്നതിനുള്ള യാത്രാസൗകര്യം ഒരുക്കുന്ന ഗോത്രസാരഥി പദ്ധതിപ്രകാരം ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവ വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ആദിവാസികളുടെ സ്ഥിതിവിവര കണക്കുകൾ

301 (649) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഏതെല്ലാം ഫാമുകളിൽ വനാവകാശ നിയമം അനുസരിച്ച് കൈവശരേഖകൾ നൽകിയെന്ന് വിശദീകരിക്കാമോ ;

(ബി) ആറളം ഫാമിങ്ങ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പട്ടികവർഗ്ഗ ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച സംസ്ഥാനത്തെ ആദിവാസികളുടെ സ്ഥിതിവിവരകണക്കുകളുടെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ) വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫാമുകളിൽ കൈവശരേഖ നൽകിയിട്ടില്ല.

(ബി) ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly